മനുഷ്യാവകാശം

എം.എസ്

# സബർമതി ജയിൽ ഗുജറാത്തിലെ ഗ്വാണ്ടനാമോ



**രാഷ്ട്രീയ** തടവുകാരെ പീഡിപ്പിക്കാൻ അമേരിക്ക പ്രത്യേക ജയിലുകളൊരുക്കിയത് അങ്ങകലെ ഇറാഖിലെ അബൂഗുറൈബിലും ക്യൂബയിലെ ഗ്വാണ്ടനാമോയിലുമാണ്. എന്നാൽ എതിരാളികളെ തല്ലിയൊതുക്കാൻ 'വികസന നായകൻ' നരേന്ദ്രമോഡി തന്റെ മൂക്കിനു മുന്നിലെ സബർമതി സെൻട്രൽ ജയിൽ തന്നെയാണ് തെരഞ്ഞെടുത്തത്. മതേതര ഇന്ത്യയെ ഞെട്ടിക്കുന്ന ജയിൽപീഡനങ്ങളാണ് സബർമതിയിൽ മാർച്ച് അവസാനവാരം മുസ്‌ലിം തടവുകാർക്കെതിരെ അരങ്ങേറിയത്. രാജ്യത്തെ മുഖ്യധാരാ മാധ്യമങ്ങളൊക്കെയും തമസ്കരിച്ച ഈ കൊടുംക്രൂരതയുടെ വാർത്തകൾ ചില വെബ്സൈറ്റുകളിലൂടെയും സന്നദ്ധ സംഘടനകളുടെ ഇടപെടലുകളിലൂടെയുമാണ് പുറംലോകം അറിയുന്നത്.

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ മാറിമാറി വന്ന നാല് ജയിൽ സൂപ്രണ്ടുമാർ തടവുകാരുടെ ആനുകൂല്യങ്ങളും അവകാശങ്ങളും ഒന്നൊന്നായി എടുത്തുമാറ്റുകയായിരുന്നു. ഭക്ഷ്യ എണ്ണ, മുളക്

പൊടി, ഉള്ളി, തക്കാളി തുടങ്ങിയ ഭക്ഷ്യ പദാർഥങ്ങൾക്ക് ഇവർ പലപ്പോഴായി വിലക്കേർപ്പെടുത്തി. തടവുകാർ ബന്ധുക്കളെ കാണുന്ന മുറിയിൽ ഹൈക്കോടതി വിധി മറികടന്ന് കുറെയധികം ഇരുമ്പുമറകൾ ഉണ്ടാക്കി. ഫെബ്രുവരി അവസാനത്തിൽ ചാർജെടുത്ത സൂപ്രണ്ട് വി. ചന്ദ്രശേഖറാണ് ഏറ്റവും വലിയ ക്രൂരത കാണിച്ചത്. ഒന്നാം ദിവസം തന്നെ അദ്ദേഹം പുറത്തിറക്കിയ സ്പെഷ്യൽ ഓർഡറിൽ തടവുകാർക്കുള്ള എല്ലാ വൈദ്യസഹായങ്ങളും നിർത്തലാക്കി.

ഏഴു വർഷത്തോളമായി ഇതേ ജയിലിൽ ശിക്ഷയനുഭവിക്കുന്ന ഹാജി ഫാറൂഖ് ഉസ്മാൻ ഗനി ശൈഖ് എന്ന രോഗിയായ തടവുകാരൻ ഇക്കാര്യത്തിൽ പരാതി ബോധിപ്പിക്കാനായി ചെന്നപ്പോൾ വളരെ മോശമായ ഭാഷയിൽ അയാളെ അധിക്ഷേപിക്കുകയാണ് സൂപ്രണ്ട് ചെയ്തത്. 'വേണമെങ്കിൽ സ്വന്തം ചെലവിൽ ചികിത്സിച്ചോ' എന്നായിരുന്നു സൂപ്രണ്ടിന്റെ പ്രതികരണം. തന്റെ മോശം സാമ്പത്തികാവസ്ഥയെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ അത് പറഞ്ഞ് പരിഹസിക്കുകയും പുറമെ 'നിന്റെ ബാപ്പ സമ്പാദിച്ചുവെച്ചിട്ടുണ്ടല്ലോ നിനക്കൊക്കെ മരുന്ന് വാങ്ങിത്തരാൻ' എന്ന് പുലഭ്യം പറയുകയും ചെയ്തു. 'ബാസ്റ്റഡ്', 'റാസക്കൽ' തുടങ്ങിയ തെറി പദങ്ങൾ കൊണ്ടാണ് സൂപ്രണ്ട് ഇയാളെ അഭിസംബോധന ചെയ്തത്. എവിടെ വേണമെങ്കിലും പരാതി നൽകാനും സൂപ്രണ്ട് നിർദേശിച്ചു. 'നിന്റെയൊക്കെ അസുഖം മാറ്റാൻ ഐ.ജിയും ആഭ്യന്തര വകുപ്പുമാണ് എന്നെ ഇങ്ങോട്ടയച്ചത്' എന്നും അയാൾ കൂട്ടിച്ചേർത്തു.

ചന്ദ്രശേഖറിന്റെ കടുത്ത നടപടികൾ കാണിച്ച് അയാളെ ഉടൻ മാറ്റണമെന്നാവശ്യപ്പെട്ട് തടവുകാർ ഗുജറാത്ത് ഹൈക്കോടതിയിൽ ഹരജി നൽകി. മാർച്ച് 24ന് സൂപ്രണ്ട് അവധിയിൽ പ്രവേശിച്ചു. ഉടൻതന്നെ പാർഗി എന്ന മറ്റൊരു സൂപ്രണ്ടിനെ സർക്കാർ നിയമിച്ചു. എല്ലാവരെയും തല്ലിയൊതുക്കി പാഠം പഠിപ്പിക്കാനാണ് തന്റെ വരവെന്ന് അയാൾ തുടക്കത്തിൽതന്നെ പറഞ്ഞുവെച്ചു.

25-ന് ഉച്ചക്കുശേഷം പോട്ട തടവുകാരും ജയിലർമാരും തമ്മിൽ വാഗ്വാദം ഉണ്ടായി. സൂപ്രണ്ടിനെ മാറ്റണമെന്നാവശ്യപ്പെട്ട് തടവുകാർ നിരാഹാര സമരം ആരംഭിച്ചു. ജയിലിലെ ഒട്ടുമിക്ക തടവുകാരും നിരാഹാരത്തിൽ ചേർന്നു. നഗരത്തിൽനിന്ന് പ്രത്യേക പോലീസുകാരെ ജയിലിലേക്കയച്ചാണ് സർക്കാർ നിരാഹാര സമരത്തെ നേരിട്ടത്. അടുത്ത ദിവസം വൈകുന്നേരം മുസ്‌ലിം തടവുകാർ അസ്വർ നമസ്കരിച്ചുകൊണ്ടിരിക്കെ ജയിലിൽ വിസിൽ മുഴങ്ങി. പോലീസുകാർ നമസ്കാരക്കാർക്ക് പിന്നിലേക്ക് ഓടിയെത്തുകയും സുജൂദിലായിരിക്കെ അടി തുടങ്ങുകയും ചെയ്തു. നിരാഹാര സമരത്തിൽ പങ്കെടുത്ത മുസ്‌ലിം തടവുകാരെ പ്രത്യേകംതന്നെ പീഡിപ്പിക്കുകയുണ്ടായി. പലർക്കും ഗുരുതരമായി പരിക്കേറ്റു. ചിലർ ബോധരഹിതരായി വീണു. ബോംബ്സ്ഫോടനകേസിൽ വിചാരണത്തടവുകാരനായ ശംസുദ്ദീൻ ഇരിക്കാനും നടക്കാനും വയ്യാത്ത അവസ്ഥയിലാണ്. പുറത്തും തലയിലും കൈയിലും കാലിലും ഇയാൾക്ക് മുറിവുകളുണ്ട്. ആരിഫ് ശൈഖിന്റെ ഇരുകൈകളും പൊട്ടി. സാഹിദ് ശൈഖിനെ മർദിക്കുന്നതിനു മുമ്പ് ജയിലർമാർ അയാളുടെ ദേഹത്ത് മൂത്രമൊഴിച്ചു. മറ്റൊരു സ്ഫോടനകേസ് 'പ്രതി'യായ സാജിദ് മൻസൂരിയുടെ തലയും രണ്ടു കാലുകളും പൊട്ടി. യൂനുസ് മൻസൂരിയെ നമസ്കാരസമയത്ത് 20 പേർ ചേർന്നാണ് മർദിച്ചത്. ഇംറാൻ ശൈഖിന്റെ വയറ്റത്ത് മർദിച്ചു. അയാളുടെ വലതുകൈ പൊട്ടി. വിചാരണത്തടവുകാരനായ ഗയാസുദ്ദീന്നും കണക്കിന് മർദനമേറ്റു. സൊഹ്റാബുദ്ദീൻ വ്യാജ ഏറ്റുമുട്ടൽ കേസിലെ സാക്ഷിയായ സിൽവസ്റ്ററിനും മാരകമായ പരിക്കുകളുണ്ട്. നൈജീരിയക്കാരനായ ലൂയിസ് അക്ബർ അസ്റാഫ് ഇസ്മാഈൽ നാഗോരി, റഹീം എന്ന ഫിറോസ്ഖാൻ പഠാൻ തുടങ്ങിയവരും മർദനങ്ങൾക്കിരയായി.

പരിക്കേറ്റ തടവുകാരിൽ ആർക്കും തന്നെ ജയിലധികൃതർ വൈദ്യസഹായം നൽകിയില്ല. നിരാഹാരക്കാരെ മറ്റൊരു ബ്ലോക്കിലേക്ക് മാറ്റി. സന്ദർശനത്തിനു വന്ന ബന്ധുക്കളെ തിരിച്ചയച്ചു. മാർച്ച് 28 ശനിയാഴ്ച നിരന്തര ശ്രമങ്ങൾക്കൊടുവിൽ ഏതാനും തടവുകാരുടെ അഭിഭാഷകർക്ക് മാത്രമാണ് അൽപനേരം സന്ദർശനത്തിന് അനുമതി ലഭിച്ചത്. അവരിലൂടെയാണ് മർദന പീഡനങ്ങളുടെ വാർത്ത ആദ്യമായി പുറംലോകമറിയുന്നത്.

ജൻസംഘർഷ് മഞ്ച് എന്ന സന്നദ്ധ സംഘടനയുടെ അഭിഭാഷകൻ ഷംഷാദ് പഠാൻ ഇക്കാര്യം കാണിച്ച് ഹൈക്കോടതിയിൽ പൊതുതാൽപര്യ ഹരജി ഫയൽ ചെയ്തു. പ്രമുഖ അഭിഭാഷകനും മനുഷ്യാവകാശ പ്രവർത്തകനുമായ മുകുൽ സിൻഹ ഹാജരായ കേസിൽ ഹൈക്കോടതി സംസ്ഥാന പോലീസ് ഐജിക്കും ജയിൽ സൂപ്രണ്ടിനും വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് അയച്ചു. അഹ്മദാബാദ് ജില്ലാ ജഡ്ജിയോട് ജയിൽ സന്ദർശിച്ച് റിപ്പോർട്ട് നൽകാനും കോടതി ആവശ്യപ്പെട്ടു. എന്നാൽ കുറ്റങ്ങളെല്ലാം നിഷേധിച്ചുകൊണ്ടുള്ള ഒരു സത്യവാങ്മൂലമാണ് പോലീസ് ഐ.ജി മറുപടിയായി കോടതിയിൽ സമർപ്പിച്ചത്.

ധാരാളം മനുഷ്യാവകാശ സംഘടനകളും ആക്ടിവിസ്റ്റുകളും സംഭവത്തെ അപലപിച്ചു. ഓൾ ഇന്ത്യാ മുസ്‌ലിം മജ്‌ലിസെ മുശാവറ, അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് (എ.പി.സി.ആർ), പ്രശാന്ത്, പീപ്പിൾസ് യൂനിയൻ ഫോർ സിവിൽ ലിബർട്ടീസ് (പി.യു.സി.എൽ), ജൻസംഘർഷ് മഞ്ച്, സിവിൽ ലിബർട്ടീസ് മോണിറ്ററിംഗ് കമ്മിറ്റി (സി.എൽ.എം.സി) തുടങ്ങിയ സംഘടനകൾ സംഭവത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. പ്രമുഖ മനുഷ്യാവകാശ പ്രവർത്തകരുടെ ഒരു സംഘം സംഭവത്തെക്കുറിച്ച് സ്വതന്ത്രാന്വേഷണം നടത്തി. ഡോ. ജോൺ ദയാൽ, അഡ്വ. കെ. കേശവൻ, ഡോ. ജെ.എസ് ബന്ദൂക്ക് വാല, ഡോ. എസ്.ക്യൂ.ആർ ഇൽയാസ്, ഗോപാൽ മേനോൻ, ഹരിനി കൃഷ്ണ, മഹ്താബ് ആലം, രുചി ഷ്രോഫ്, ഗൗതം താക്കർ തുടങ്ങിയവരാണ് സംഘത്തിലുണ്ടായിരുന്നത്.

**മതേതര ഇന്ത്യയെ ഞെട്ടിക്കുന്ന ജയിൽപീഡനങ്ങളാണ് സബർമതിയിൽ മാർച്ച് അവസാനവാരം മുസ്‌ലിം തടവുകാർക്കെതിരെ അരങ്ങേറിയത്. രാജ്യത്തെ മുഖ്യധാരാ മാധ്യമങ്ങളൊക്കെയും തമസ്കരിച്ച ഈ കൊടുംക്രൂരതയുടെ വാർത്തകൾ ചില വെബ്സൈറ്റുകളിലൂടെയും സന്നദ്ധ സംഘടനകളുടെ ഇടപെടലുകളിലൂടെയുമാണ് പുറംലോകം അറിയുന്നത്.**

സംഭവം നടന്ന ജയിൽവാർഡും തടവുകാരെയും സന്ദർശിക്കാൻ സംഘത്തിന് അനുമതി ലഭിച്ചില്ല. ഐ.ജിയും ജയിൽ സൂപ്രണ്ടും സംഘത്തോട് സംസാരിക്കാനും തയാറായില്ല. സബർമതി പോലീസ് സ്റ്റേഷനിലെത്തിയ സംഘത്തോട് സംസാരിച്ച പോലീസ് ഉദ്യോഗസ്ഥർ സംഭവത്തെ ന്യായീകരിച്ചു. ബോംബ്സ്ഫോടനം നടത്തിയ ക്രിമിനലുകളായ തടവുകാർ ജയിലിൽ കലാപം ഉണ്ടാക്കിയെന്നായിരുന്നു പോലീസുകാരുടെ വിശദീകരണം.

അന്വേഷണ സംഘം നടത്തിയ പൊതുതെളിവെടുപ്പിൽ മർദിതരായ തടവുകാരുടെ കുടുംബാംഗങ്ങൾ പങ്കെടുത്തു. പലരുടെയും ചോരപുരണ്ട വസ്ത്രങ്ങൾ തെളിവെടുപ്പിൽ ഹാജരാക്കപ്പെട്ടു. പരോക്ഷമായിട്ടാണെങ്കിലും മർദനം നടന്നിട്ടുണ്ടെന്ന് ജയിൽ അധികൃതകർ തന്നെ അംഗീകരിച്ചതായി അന്വേഷണ സംഘം വിലയിരുത്തി. അഭിഭാഷകരെയും ബന്ധുക്കളെയും അന്യായമായി തടഞ്ഞുവെച്ചത് തടവുകാരുടെ അവകാശങ്ങളുടെ ലംഘനമാണ്, ബന്ധുക്കളിൽനിന്ന് ഇതുവരെ മൊഴി എടുത്തിട്ടില്ല, മർദനമേറ്റ 22 തടവുകാർക്കും യാതൊരു വൈദ്യസഹായവും ലഭിച്ചില്ല, ഭരണഘടനയുടെ അന്തസ്സത്തയോട് പലയിടത്തും വൈരുധ്യം പുലർത്തുന്ന 1935ലെ ബ്രിട്ടീഷ് നിർമിത ബോംബെ ജയിൽ മാന്വലാണ് ഇപ്പോഴും നടപ്പിലുള്ളത് തുടങ്ങിയ നിരീക്ഷണങ്ങളും സംഘം നടത്തി. ദേശീയ മനുഷ്യാവകാശ കമീഷൻ വിഷയത്തിൽ ഇടപെടണമെന്നും സംഭവത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും തടവുകാർക്ക് നിഷേധിച്ച വൈദ്യസഹായം ഉടൻ ലഭ്യമാക്കണമെന്നും അവർ ആവശ്യപ്പെട്ടു.

സംഭവം നടന്നത് മോഡിയുടെ 'മോടിയുള്ള' ഗുജറാത്തിലായതിനാൽ ഇത്തരം ആവശ്യങ്ങളൊക്കെ ജലരേഖയാവും എന്ന് പ്രത്യേകം പറയേണ്ടതില്ല. ഇത്തരം ചില ഒച്ചപ്പാടുകൾ ഉണ്ടായതൊഴിച്ചാൽ പ്രശ്നത്തിൽ പ്രത്യേകിച്ചൊന്നും സംഭവിച്ചിട്ടില്ല. ജയിലിൽ 'കലഹം' ഉണ്ടാക്കിയ തടവുകാർക്ക് ഇനിയുള്ള ദിവസങ്ങളിൽ അടി കുശാലായിരിക്കുമെന്നുറപ്പ്. പോട്ട, സ്ഫോടന കേസുകളിൽ ഗുജറാത്തിന് പുറത്തുള്ളവരെ കൂടി ഇതേ ജയിലിലേക്ക് കൊണ്ടുവരണമെന്ന 'ന്യായമായ' ആവശ്യം കൂടി ഗുജറാത്ത് സർക്കാറിനുണ്ട്. 'കരുത്തനായ നേതാവും ചേലൊത്ത പാർട്ടിയും' ഇന്ദ്രപ്രസ്ഥത്തിൽ അധികാരമേറ്റാൽ സംഭവിക്കുന്നതിന്റെ ഒരു സാമ്പിൾ വെടിക്കെട്ട് മാത്രമാണ് സബർമതിയിൽനിന്നുള്ള ഈ വാർത്ത. ■